സി5/938/2025-ടി.സി **23-07-2025**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് ,
തൈക്കാട് പി.ഒ,തിരുവനന്തപുരം - **695 014**

ഇ-മെയിൽ : **tcoffice.mvd@kerala.gov.in** |വെബ്: **www.mvd.kerala.gov.in** |☎ :**0471-2333317**

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ മോട്ടോർ വാഹന വകുപ്പ് ഓഫീസ് മേധാവികളും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - സേവനങ്ങൾ സമയ ബന്ധിതമായി നൽകുന്നത് സംബന്ധിച്ച്

സൂചന :- **04.06.2025** ന് ഈ ഓഫീസിൽ ലഭിച്ച ശ്രീ ആത്മേശൻ പച്ചാട്ട്, മലപ്പുറത്തിന്റെ പരാതി

സൂചനയിലേക്കും വിഷയത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളും നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ തീർപ്പാക്കിയിരിക്കേണ്ടതാണ്.

അല്ലാത്ത പക്ഷം സേവനാവകാശ നിയമ പ്രകാരവും ,കേരള സിവിൽ സർവ്വീസ്സ്( തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) റൂൾസ് **1960** പ്രകാരവും നിയമ നടപടി സ്വീകരിക്കേണ്ടി വരുമെന്ന് അറിയിക്കുന്നു.

എല്ലാ ഓഫീസ് മേധാവികളും അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ സ്ഥിതി പ്രതിദിനം അവലോകനം നടത്തേണ്ടതം പോരായ്മകൾ കണ്ടെത്തിയാൽ പരിഹരിക്കേണ്ടതുമാണ്.

മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ ഓഫീസുകളുടെ പ്രവർത്തനം നിരിക്ഷിക്കേണ്ടതും പോരായ്മ കണ്ടെത്തുന്ന ഓഫീസുകൾ നേരിട്ട് പരിശോധന നടത്തി പരിഹരിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശം ജീവനക്കാരുടെ യോഗം ചേർന്ന് വിശദീകരിക്കേണ്ടതും കൈപ്പറ്റ് രശീത് മടക്ക തപാലിൽ അതാതു മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് നൽകിയിരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**RAJEEV R**

**SR. DEPUTY TRANSPORT COMMISSIONER (TAX)**

Signed by
R Rajeev
Date: 23-07-2025 11:16:17

പകർപ്പ്  നോഡൽ ഓഫീസർ എസ് എസ് ജി വിഭാഗം, വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

മോട്ടോർ വാഹന വകുപ്പ്, കേരളം